# NSS HSS KAVIYOOR

# ACADEMIC MASTER PLAN 2025-26

## ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

1. ഹിന്ദി വായന

ലക്ഷ്യം - U.P. തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാക്യങ്ങൾ വായിക്കാൻ സാധിക്കണം.

പ്രവർത്തനങ്ങൾ

ഹിന്ദി ഗ്രന്ഥശാല ഒരുക്കൽ - കുട്ടികളുടെ അധിക വായന ലക്ഷ്യമാക്കിക്കൊണ്ട് ഹിന്ദി പുസ്തകങ്ങൾ ശേഖരിച്ചുകൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും.

1. വലിയ അക്ഷരങ്ങളോടുകൂടിയതും നിറയെ വർണ്ണചിത്രങ്ങൾ നിറഞ്ഞതുമായ ലളിതമായ ഹിന്ദി കഥാബുക്കുകൾ, ചിത്രങ്ങൾ, ചിത്രകഥകൾ, ബാലമാസികകൾ എന്നിവ മുഖ്യമായും ഹിന്ദി സാഹിത്യ രൂപങ്ങൾ പരിചയപ്പെടുത്തുന്നതിനായും ഉള്ള പുസ്തകങ്ങളും ഗ്രന്ഥശാലയിൽ ലഭ്യമാക്കും.

2. വായനാ കാർഡുകൾ തയ്യാറാക്കൽ

ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി

ഇവയിൽ പഴങ്ങൾ, പച്ചക്കറികൾ, പക്ഷിമൃഗാദികൾ, വൃക്ഷങ്ങൾ എന്നിവയുടെ പേരുകളും ചേർക്കും

3) ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ച് വായനയ്ക്കായി തയ്യാറാക്കും.

4) രാഷ്ട്രീയ നേതാക്കൾ, ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ ചിത്രങ്ങൾ ശേഖരിച്ച് പോസ്റ്ററുകൾ പോ വായനയ്ക്കായി തയ്യാറാക്കും.

II ഹിന്ദി - എഴുത്ത്

1. Copy book-ൽ പുസ്തകങ്ങളിൽ നിന്ന ഭാഗങ്ങൾ വൃത്തിയായി എഴുതിക്കും.

പ്രദർശനസാമഗ്രികൾ

ഓരോ ക്ലാസിലും ചുമർ പത്രിക തയ്യാറാ

ബാലഗീതങ്ങൾ, കവിതകൾ എന്നിവ ശേഖരിക്കുന്നതിനും Copy book ഉപയോ

III ഹിന്ദി ആസ്വാദനം

വിദ്യാർത്ഥികൾക്ക് അവതരണ രംഗത്ത് ശോഭിക്കുന്നതിനായി വിദ്യാലയത്തിലെ പി.ഷുവൻ അധ്യാപകരെ [illegible]

IV ഹിന്ദി - അസംബ്ലി

രണ്ടാഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. അസംബ്ലി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസുകൾക്കായിരിക്കും. പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ പാരാ- ഇവയെല്ലാം ഹിന്ദി മാധ്യമത്തിലായിരിക്കും. എല്ലാ വിദ്യാർത്ഥികൾക്കും അവസരം ലഭിക്കും.

V ഹിന്ദി - മത്സരങ്ങൾ

പ്രവർത്തനം

ഹിന്ദിയിൽ പാടാനും പറയാനും എഴു മികവു പുലർത്തുന്ന വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നട കഥ, കവിത, പ്രസംഗം, കവിതാ രചന എന്നീ മത്സരങ്ങൾ നടത്തും. മികവ് പുലർത്തുന്നവർക്ക് "चमकती हिंदी" സമ്മാനങ്ങൾ നൽകും.

VI ദിനാചരണങ്ങൾ

പ്രവർത്തനങ്ങൾ

ഹിന്ദിദിനം, പരിസ്ഥിതിദിനം, വായനാദിനം ശിശുദിനം തുടങ്ങിയ ദിവസങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും ദിനാചരണങ്ങളിൽ ഹിന്ദിയുടെ സാന്നിധ്യ

ഹിന്ദി ദിനത്തിലെ പ്രവർത്തനങ്ങൾ
ഹിന്ദി അധ്യാപനത്തിലെ പ്രസിദ്ധരായ
വരെക്കൊണ്ട് ഉദ്ഘാടനം നടത്തുക.

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

1

AMP :- Chemistry & Physics.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ. | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ. | 1 വർഷം | പി.ടി.എ | 5 ലക്ഷം MLA/MP ഫ |
| 2.പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ-കുട്ടി കുട്ടി-കുട്ടി (Peer Group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ 2 ദിവസം | SRG, സയൻസ് ടീച്ചർ | - |
| 3. ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG, സയൻസ് ടീച്ചർ | - |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കൽ, സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ. | 3 മാസം | SRG, സയൻസ് ടീച്ചർ | 1000/- PTA |
| 5.മോഡൽ, നിർമ്മാണം (ശില്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG, സയൻസ് ടീച്ചർ | 2500/- PTA |

| ഉപമേഖല: ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്താൽ. | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ. |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ. |
| 3. **ശാസ്ത്രലാബ് നവീകരണം** ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ. | ഫിസിക്സ്. കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ. | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേർസ് | - |

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

പ്രവർത്തനം 1

ഭാഷയും സാഹിത്യവും അനുസ്മരിപ്പിക്കുന്ന ദിനാചരണങ്ങൾ/
വിവരശേഖരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| എഴുത്തുകാർ/ പ്രസ്ഥാന പരിചയം | വിവര ശേഖരണം പ്രദർശനം എല്ലാവരിലുമെ -ത്തിക്കൽ | ആഴ്ചയിൽ രണ്ട് മൂന്ന് | വിദ്യാരംഗം കലാ - സാഹിത്യ വേദി | ഭാഷാദ്ധ്യാപകർ |

പ്രവർത്തനം 2

ഗ്രന്ഥശാലാ നവീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ദേശീയവും അന്തർദേശീയവും ലോകോത്തരവുമായ കൃതികൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ജന്മദിനത്തിൽ ഒരു പുസ്തകം ലൈബ്രറിക്ക് വർഗ്ഗീകരിച്ച് പുനഃക്രമീകരിക്കൽ പുസ്തക വിതരണം | ആഴ്ച്ചയിൽ | ലൈബ്രേറിയൻ സ്കൂൾ കട്ടി ഗ്രന്ഥ ശാലാ സംഘം | വേണമെങ്കിൽ മാത്രം |

## പ്രവർത്തനം 3

### ഭാഷാകൈത്താങ്ങ്-അക്ഷരം ഉറപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തും വായനയും എളുപ്പമാക്കൽ | അക്ഷരം ഉറപ്പിക്കുവാനും എഴുത്തും വായനയും തെളിച്ചമുള്ളതാകവാനും | എല്ലാ ദിവസവും | ഭാഷാദ്ധ്യാപകർ സന്നദ്ധരായവർ കുട്ടികൾ | വേണമെങ്കിൽ മാത്രം |

## പ്രവർത്തനം 4

### സർഗ്ഗാത്മക രചനകൾ - പ്രകാശനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാള ഭാഷാ പ്രാവീണ്യം നേടൽ | കുട്ടികളുടെ സർഗ്ഗ വൈഭവം കണ്ടെത്തൽ | ദിവസവും ആഴ്ചയിലും | വിദ്യാരംഗം കലാ-സാഹിത്യവേദി | ഭാഷാദ്ധ്യാപകർ |

## പ്രവർത്തനം - 5

### രചകളുടേയും കലാ-പ്രവർത്തനങ്ങളുടേയും വെളിച്ചത്തിൽ രചനാ ശിൽപ്പ ശാലകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പ്രകടന ശേഷി കുറ്റമറ്റതാക്കൽ | ശിൽപ്പ ശാലകളിൽ രൂപപ്പെടുന്ന സൃഷ്ടികൾ വായിക്കാനും പാഠ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുവാനും | ആഴ്ച്ചയിൽ | വിദ്യാരംഗം കലാ-സാഹിത്യവേദി | ഭാഷാദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| വിവിധ കലാ പരിപാടികൾ അവതരിപ്പിക്കവാനും ആസ്വദിക്കാനുമുള്ള സാഹചര്യം ഒരുക്കൽ | കഴിയുന്ന വിധത്തിൽ അഭിനയം അവതരണം തുടങ്ങിയവയ്ക്കു പ്രാധാന്യം | വർഷത്തിൽ | വിദ്യാരംഗം കലാ-സാഹിത്യവേദി | ഭാഷാദ്ധ്യാപകൻ |

പ്രവർത്തനം 6

വായന വീട്ടിലേക്ക് -പുസ്തക സഞ്ചിയുമായി കുട്ടികൾ സമീപ വാസികളിലേക്കും.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | ലൈബ്രറി പുസ്തകങ്ങൾ താല്പര്യമുള്ള രക്ഷിതാക്കളിലേക്കും സമീപവാസികളിലേക്കും എത്തിക്കുക | ഒരു വർഷത്തിൽ ഒരു തവണയെങ്കിലും | ലൈബ്രേറിയൻ കുട്ടി ഗ്രന്ഥശാലാ സംഘം | വേണമെങ്കിൽ മാത്രം |

## പ്രവർത്തനം 7

## 50 കവികൾ 50 കവിതകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളേയും കൃതികളേയും പരിചയപ്പെടൽ ജീവചരിത്രക്കുറിപ്പ് അഭിമുഖം ഇത്യാദി ശേഖരിക്കൽ | കാവ്യ സദസ്സ് കണ്ടും അനുഭവിച്ചും വിവരശേഖരണം ജീവചരിത്രക്കുറിപ്പ്, അഭിമുഖം ഇത്യാദി | ഒരു വർഷം | ഭാഷാദ്ധ്യാപകർ | പി ടി എ സന്നദ്ധർ |

## പ്രവർത്തനം 8

## പാഠ ഭാഗങ്ങളുടെ പാഠാസൂത്രണം തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃത്യമായ ഭാഷാ ശേഷിയിലേക്ക് കുട്ടിയെ കൈപിടിച്ചുയർത്തുന്നതിന് | അദ്ധ്യാപന സഹായി / ഐ സി ടി / സമഗ്ര അധിഷ്ഠിത ടി എം ആസൂത്രണം | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാദ്ധ്യാപകർ | ആവശ്യമെങ്കിൽ |